# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1387 — 13/06/2014-ൽ മറുപടിക്ക്

**കുറ്റ്യാടിയിലെ പഴയ സബ് രജിസ്ട്രാർ കെട്ടിടം സംരക്ഷിത സ്മാരകമാക്കാൻ നടപടി**

**ചോദ്യം**

ശ്രീമതി. കെ.കെ.ലതിക :

**ഉത്തരം**

ശ്രീ. കെ.സി. ജോസഫ്
(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംരക്ഷിത സ്മാരകമായി മാറ്റുന്നതിന് പുരാവസ്തു വകുപ്പ് ഏറ്റെടുത്തിട്ടുള്ള കുറ്റ്യാടിയിലെ പഴയ സബ്ബ് രജിസ്ട്രാർ കെട്ടിടം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | പുരാവസ്തുവകുപ്പിന്റെ സംരക്ഷണ വിഭാഗത്തിലെ സാങ്കേതിക വിദഗ്ധരെ, സംരക്ഷിത സ്മാരകമായ കുറ്റ്യാടിയിലെ പഴയ സബ് രജിസ്ട്രാർ കെട്ടിടം പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പഴശ്ശി ചരിത്രവുമായി ബന്ധപ്പെട്ട സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഈ കെട്ടിടം ചരിത്ര വിദ്യാർത്ഥികൾക്കും വിനോദസഞ്ചാരികൾക്കും ഉപകാരപ്രദമായ രൂപത്തിൽ സംരക്ഷിക്കുന്നതിന് സമഗ്രമായ ഒരു പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുമോ എന്ന് വ്യക്തമാക്കുമോ ; | (ബി) ആന്റ് (സി) | പ്രസ്തുത പദ്ധതിയുടെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുമ്പോൾ സംരക്ഷിത പ്രദേശത്തിന്റെയും നിർമ്മിതിയുടെയും പൈതൃക മൂല്യം നിലനിർത്തേണ്ടത് ആവശ്യമാണ്. ഇതിനായി സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വാസ്തുവിദ്യാ ഗുരുകുലത്തിന്റെ സേവനം കൂടി തേടുന്നതാണ്. |
| (സി) | ഇവ തയ്യാറാക്കുമ്പോൾ സംസ്ഥാനത്തെ പ്രശസ്തരായ വാസ്തു ശില്പികളുടെ സഹകരണം കൂടി തേടുന്നതിന് നടപടി സ്വീകരിക്കുമോ ? | | |

Laradadevi

സെക്ഷൻ ഓഫീസർ